# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: ksa/alp /p6-349/ 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-15,1-20,1-23 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/alp /p6-349/ 2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-03-2021 മുതൽ 17-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 05-03-2021 | 17-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സർവ്വശ്രീ

മിനി .പി.രാധാകൃഷ്ണൻ (ഓഡിറ്റ് ഓഫീസർ)
മായാദേവി. സി.എസ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
മനേഷ് കുമാർ .ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ലക്ഷ്മികാന്ത്. പി( ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഏലിക്കുട്ടി കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.വിക്രമൻപിള്ള | സെക്രട്ടറി | 01-04-2019 | 07-06-2019 |
| ദേവലാൽ,ബി | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്ജ് | 07-06-2019 | 06-07-2019 |
| കെ.വിക്രമൻപിള്ള | സെക്രട്ടറി | 08-07-2019 | 24-12-2019 |
| ജി.എസ്.സുനിത | സെക്രട്ടറി | 10-01-2020 | 31-03-2020 |
| ഡോ. ഗിരിജ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ദിലീപ്.എസ് | മെഡിക്കല്ർ ഓഫീസർ(അലോപ്പതി)തി | 01-04-2019 | 31-03-2020 |
| വിനോദിനി.വി,ജി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ലാലി.എസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ.തോമസ് ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| വിദ്യ.എസ് | ഐ.സി.ഡി.എസ് | 01-04-2019 | 27-02-2020 |
| അഞ്ജു കൃഷ്ണ | ഐ.സി.ഡി.എസ് | 28-02-2020 | 31-03-2020 |
| ഡോ.പ്രീതാ നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ദേവലാൽ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 01-08-2019 |
| ബീന | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2019 | 11-12-2019 |
| ഗോപാലകൃഷ്ണപിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 12-12-2019 | 31-03-2020 |
| രാജേന്ദ്ര പ്രസാദ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 19-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 19-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 19-03-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 24-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 05-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 19-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-10 |
| 11 | ഇ-ടെണ്ടർ ഫീ ഇനത്തിൽ 84242/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-11 |
| 12 | തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 09-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-12 |
| 13 | ആരാധനാലയങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിരുന്ന സ്ഥാപനങ്ങൾക്ക് നിന്ന് വസ്തു നികുതി ചുമത്തി- മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം നടപ്പാക്കി<br>Written By: C.S Mayadevi (Asst. Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-03-2021) | 1-13 |
| 14 | ടാർ വീപ്പ വിറ്റുകിട്ടുന്ന തുക അതേ ഫണ്ടിൽ തിരിച്ചടയ്ക്കുന്നില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-14 |
| 15 | വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകൾ പൂർണ്ണമായി ചെലവഴിക്കപ്പെട്ടില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 15-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-15 |
| 16 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം നടപ്പായില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 15-03-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | |
| 17 | പച്ചക്കറി കൃഷി വികസനം –സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 15-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-17 |
| 18 | സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി<br>Written By: C.S Mayadevi (Asst. Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-03-2021) | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 15-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 15-03-2021) | 1-19 |
| 20 | ഇൻഷുറൻസ് രേഖകൾ ഹാജാരാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 1-20 |
| 21 | നെൽകൃഷി വികസനം- നെൽവിത്തുകളുടെ വിതരണ രേഖകൾ കൃത്യമല്ല<br>Written By: C.S Mayadevi (Asst. Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-21 |
| 22 | സംയുക്തപദ്ധതിയ്ക്കായി ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-04-2021) | 1-22 |
| 23 | അഗതി ആശ്രയ പദ്ധതി<br>Written By: Maneshkumar G (Senior Grade Auditor, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-23 |
| 24 | പത്താംതരം, പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷ- രേഖകൾലഭ്യമാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 11-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടു വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 08-04-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം-<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-03-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 24-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Maneshkumar G (Senior Grade Auditor, On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

പരിഷ്കരിച്ച ബജറ്റ് 13.03.2020തീയതിയിലെ 4/01.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള ആകെ വരവ് 162513418 രൂപയും ആകെ ചെലവ് 156985910 രൂപയുമാണ്. വാർഷികകണക്ക് പ്രകാരമുള്ള ആകെ വരവ്,ചെലവ് എന്നിവ യഥാക്രമം 41925416 രൂപ,36065746 രൂപ എന്നിങ്ങനെയാണ്. ഇപ്രകാരം ബജറ്റ് പ്രകാരമുള്ളവരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| **31.7.2020** | **16.5.2020** |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ (ക്യാപ്പിറ്റൽ ) വിഭാഗത്തിൽ 41500 /- രൂപയും SCP വിഭാഗം ( ക്യാപ്പിറ്റൽ ) ഇനത്തിൽ 3,08,605/- രൂപയും സി. എഫ്. സി ഇനത്തിൽ 66,042/- രൂപയും ശേഷിക്കുന്നതായി കാണുന്നു .
2.കേരളാ ഗ്രാമീൺ ബാങ്കിലെ തനതു ഫണ്ട് A/C നമ്പർ 4055910101182 4,600 രൂപയുടെ സ്റ്റെയിൽഡ് ചെക്ക് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ റീക്കൺ സിലേഷൻ വിൻഡോയിൽ ഇപ്പോഴും ഇത് നിലനിൽക്കുന്നതായി കാണുന്നു..
അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/ 17.04.2021) ലഭ്യമാക്കിയ മറുപടിയിൽ, 2014-15 മുതൽ ടി തുകകൾ .ബാലൻസ് ഷീറ്റിൽ ഈ തുകകൾ തുടരുന്നുവെന്നും പഞ്ചായത്ത് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലേക്ക് മാറ്റുമ്പോൾ ഇത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ക്രമ നം.രണ്ടായി സൂചിപ്പിച്ചിട്ടുള്ള അപാകത റിക്കൺസിലിയേഷൻ വിൻഡോയിൽ നിന്നും നീക്കം ചെയ്ത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14317776 |
| വരവ് | 33607640 |
| ആകെ | 47925416 |
| ചെലവ് | 36065746 |
| നീക്കിയിരിപ്പ് | 11859670 |

### 1-4 ഫണ്ട് വിനിയോഗം

ഫണ്ട് അടിസ്ഥാനത്തിലുള്ള വരവ് ചെലവ് വിവരം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 15,377,701 | 15,377,701 | 6846,725 | 85,30,976 | 44.5% |
| വികസനഫണ്ട് എസ്.സി.പി | | 41,63,176 | 41,63,176 | 2020072 | 2143104 | 48.5% |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 55,65,000 | 5565000 | 3267853 | 2297147 | 50% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3344000 | 3344000 | 1329851 | 2014149 | 39.7% |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6080499 | 60,80,499 | 15,93,913 | 44,86,586 | 26.2% |

വികസനഫണ്ട് പൊതുവിഭാഗം,എസ്.സി.പി , സി.എഫ്.സി, സംരക്ഷണഗ്രാന്റ് റോഡ്,നോൺറോഡ് ഇനങ്ങളിൽ യഥാക്രമം 44.5% ,48.5%,26.2%,50%,39.7% എന്നിങ്ങനെ ചെലവ് വന്നിട്ടുള്ളൂ.ലഭ്യമാകുന്ന ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കാൻ തുടർ വർഷങ്ങളിൽശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം 150പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 68പദ്ധതികൾ പൂർണ്ണമായും 13 പദ്ധതികൾ ഭാഗീകമായും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ ഏറ്റെടുത്ത പദ്ധതികളിൽ 69 പദ്ധതികൾ (50ശതമാനത്തിലധികം) നടപ്പിലാക്കിയിട്ടുമില്ല. മുൻഗണനാടിസ്ഥാനത്തിൽചെലവ് പത്രിക പ്രകാരം തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 24 | 20 | 74,66,425 | 35,67,872 |
| 2 | കൃഷി ഓഫീസർ | 10 | 6 | 45,87,411 | 13,36,089 |
| 3 | വെറ്ററിനറി സർജൻ | 9 | 7 | 35,71,000 | 13,34,000 |
| 4 | വി.ഇ.ഒ | 18 | 9 | 2,43,04,663 | 34,03,830 |
| 5 | ഐ.സി.ഡി.എസ് | 7 | 6 | 33,22,437 | 21,50,355 |
| 6 | എച്ച്.എം | 4 | 4 | 8,91,550 | 8,88,205 |
| 7 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 1,50,000 | 75,000 |
| 8 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 3 | 8,34,500 | 6,97,985 |
| 9 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 1,50,000 | 1,50,000 |
| 10 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 5,50,000 | 5,49,998 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 14,80,636 | 10,41,558 |
| 12 | അസിസ്റ്റന്റ്എഞ്ചിനീയർ | 66 | 17 | 2,27,74,862 | 61,13,634 |
| | ആകെ | 150 | 81 | 7,00,83,484 | 8,13,08,576 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| **ഇനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരുപ്പ്** |
|---|---|---|---|---|---|
| **ഭരണചെലവുകൾ** | 14703 | 759039 | 773742 | 675530 | 98212 |
| **ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്** | | 8332419 | 8332419 | 8332419 | 0 |
| | 14703 | 9091458 | 9106161 | 9007949 | 98212 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7440 | 5 |
| കർഷകതൊഴിലാളി | 593400 | 174 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 1513200 | 436 |
| വാർദ്ധക്യകാലപെൻഷൻ | 5470200 | 1569 |
| വികലാംഗപെൻഷൻ | 524100 | 149 |
| അവിവാഹിതകൾക്കുള്ള ധനസഹായം | 66000 | 6 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2021 തീയതിയിൽ 3.30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12257/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ ,ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1,നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. പദ്ധതി നിർവ്വഹണ രേഖകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

2.വർക്കിംഗ് മേഖലാ ഗ്രൂപ്പുകൾ ക്രിയാത്മകമല്ല.ആരോഗ്യമേഖല, കുടിവെള്ളം, ശുചിത്വം , വിദ്യാഭ്യാസം എന്നീ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം യോഗം കൂടിയിട്ടില്ല.യഥാസമയം യോഗം ചേരാത്തതിനാൽ,വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ള മേഖലകളിലെ പദ്ധതി ആസൂത്രണം, നടപ്പിലാക്കിയ പദ്ധതികളുടെ സ്റ്റാറ്റസ് , പദ്ധതി വിലയിരുത്തൽ(നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെ) എന്നിവ നിർവ്വഹിക്കപ്പെടുന്നില്ല.

3. പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാകുന്നുണ്ടോയെന്ന് നിരീക്ഷിക്ക പ്പെടുന്നതായി മിനിട്സിൽ രേഖയില്ല.

4. പ്രളയാനന്തരം പഞ്ചായത്തിന് ഏറ്റെടുക്കേണ്ട പുനരധിവാസ പദ്ധതികൾ ഫലപ്രദമായിട്ടില്ല.

.

5. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6 പഞ്ചായത്തിന്റെ ഓരോ വാർഡിലുമുള്ള തെരുവു വിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

7.സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കാതെ പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ടിൽ ശേഷിക്കുന്നു.

അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| **പെർഫോമൻസ് ഓഡിറ്റ്** | **20.2.2021** | **4/2020-8/2020** | **28.2.2021** |
| **അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്** | **26.2.2018** | **2012-2017** | **8.4.2019** |

1-11 ഇ-ടെണ്ടർ ഫീ ഇനത്തിൽ 84242/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

28.09.2013-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന 5ലക്ഷം രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഷെഡ്യൂൾ ഫീ എന്നിവ ഓൺലൈൻ ആയി എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കാൻ നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം മേൽപ്പറഞ്ഞപ്രകാരം ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള തുകയുടെ വിവരം താഴെചേർക്കുന്നു

-

| വർഷം | ടെണ്ടർ ഫീസ് | തിരികെ |
|---|---|---|

| | ഇനത്തിൽ ഒടുക്ക് വരുത്തിയ തുക | ലഭിച്ച തുക |
|---|---|---|
| 2015-16 | 15,750/- | - |
| 2016-17 | 17,660/- | |
| 2017-18 | | |
| 2018-19 | 2,500/- | |
| 2019-20 | 48,332/- | |
| ആകെ | 84,242/- | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 9/തീയതി10-03-2021) ലഭിച്ച മറുപടിയിൽ,'ടി തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ അപേക്ഷ നൽകിയിട്ടുണ്ടെന്നും, കൈമാറി കിട്ടുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.മുൻ വർഷങ്ങളിലേതുൾപ്പടെ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുവാനുള്ള തുക 84,242/- രൂപ തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്..

## 1-12 തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല

2019-20ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പെടുന്ന 10 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും,ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനു (നം: 3, തീയതി 08/03/2021) നല്കിയ മറുപടിയിൽ 22.01.2019ലെസിവിൽസപ്ലൈസ് ഡയറക്ടറുടെ(സി.എസ് )എ9-764/2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്തിൻറെ പരിധിയിൽ പെടുന്ന റേഷൻ വ്യാപരികൾക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിക്കേണ്ട നിയമപരമായ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഇവരിൽ നിന്നും തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിച്ച തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-13 ആരാധനാലയങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിരുന്ന സ്ഥാപനങ്ങൾക്ക് നിന്ന് വസ്തു നികുതി ചുമത്തി- മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം നടപ്പാക്കി

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ-1-13 ൽ പഞ്ചായത്തിന്റെ വസ്തുനികുതി – സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ആരാധനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെയും ആരാധനാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ചുമത്തിയിരുന്നില്ലായെന്ന് പരാമർശിച്ചിരുന്നു.. ആരാധനാലയങ്ങൾ എന്ന നിലയിൽ ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടുള്ളതും യഥാർത്ഥത്തിൽ ആരാധനക്ക് ഉപയോഗിക്കാത്തതുമായ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങളെയാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ഉടമയുടെ പേര് വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/34-ദേവസ്വം ഓഫീസ്, ഇരമല്ലിക്കര | 65 |
| 2 | 3/387-സെന്റ് മേരീസ് ചർച്ച് ഓഫീസ് | 47.38 |
| 3 | 4/159-ഗോശാലകൃഷ്ണൻ ദേവസ്വം ഓഫീസ് | 40 |
| 4 | 4/164-ദേവസ്വം ഊട്ടുപുര | 150 |
| 5 | 6/174-കെ.പി.എം.എസ് ഓഫീസ് | 27 |
| 6 | 12/365ദേവസ്വം ഓഫീസ്, തിരുവൻവണ്ടൂർ | 85 |
| 7 | 13/40-ശ്രീ നീലകണ്ഠ വിലാസം എൻ.എസ്.എസ് കരയോഗം, വനവാതുകര | 150 |
| | | |

| | | |
|---|---|---|
| 8 | 5/317 എസ്.എൻ.ഡി.പി മന്ദിരം | 100 |
| 9 | 10/367 എസ്.എൻ.ഡി.പി മന്ദിരം | 82.31 |

തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തി നികുതിയിളവ് നൽകിയ എല്ലാ കെട്ടിടങ്ങളെയും നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം മേൽ കെട്ടിടങ്ങളിൽ നിന്ന് 2020-21 വർഷം വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കിയിട്ടുണ്ട്.

## 1-14 ടാർ വീപ്പ വിറ്റുകിട്ടുന്ന തുക അതേ ഫണ്ടിൽ തിരിച്ചടയ്ക്കുന്നില്ല.

2019-20 സാമ്പത്തികവർഷത്തെ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ,ടാർവീപ്പ വിറ്റുകിട്ടുന്ന തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലാണ് അടക്കുന്നത്. ടി തുക ചെലവഴിച്ചിട്ടുള്ള ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നില്ല.. ജി.ഒ.(പി)നം.177/2006/Fin Dated 12-04-2006 Para 10.3 പ്രകാരം ,ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്,അതേ ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. 15-05-2020 വരെ 17,769/- രൂപ ഇപ്രകാരം തിരിച്ചടക്കുവാനുള്ളതായി കാണുന്നു.മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം.14 തീയതി15-03-2021) ലഭിച്ച മറുപടിയിൽ ടി തുക അതാത് ഫണ്ടിൽ തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകൾ പൂർണ്ണമായി ചെലവഴിക്കപ്പെട്ടില്ല

2014-15,2015-16, 2016-17വർഷങ്ങളിൽ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റി , കെ എസ് ഇ ബി തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് | തുക നൽകിയ തീയതി | നിക്ഷേപിച്ച തുക | വിനിയോഗിച്ച തുക | മിച്ചം തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 27.8.2014 | 389417 | 387979 | 1438 | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 13.10.14 | 198417 | 198401 | 16 | |
| കേരള വാട്ടർ അതോറിറ്റി | കല്ലുപറമ്പ് ഹരിജൻ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(S096/16) | 19.01.2016 | 195000 | 180360 | 14640 | |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 7 | 19.01.2016 | 25000 | 23800 | 1200 | |
| കേരള വാട്ടർ അതോറിറ്റി | സാംസ്കാരിക നിലയം പൈപ്പ് ലൈൻ നീട്ടൽS054/16 | 19.01.2016 | 16500 | 16483 | 17 | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽS106/17 (SCP) | 19.10.16 | 35000 | 34977 | 23 | |
| കേരള വാട്ടർ അതോറിറ്റി | സാംസ്കാരിക നിലയം-പൈപ്പ് ലൈൻ കണക്ഷൻS0109/17 | 19.01.2016 | 3500 | 3494 | 6 | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 11,വാർഡ് 3(S098/19) | 23.10.2018 | 360000 | 299403 | 52794 | സെന്റേജ് ചാർജ്ജിനത്തിൽ അധികമായി അടച്ച 7803 രൂപ 2018-19 വർഷം തിരികെ ലഭിച്ചിരുന്നു. |
| ആകെ | | | | | 70135 | |

മേൽ തുകകൾ നിർവ്വഹണ ഏജൻസികളിൽ നിന്ന് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/ 8-03-2020) കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ചിരുന്ന തുകകളിൽ വിനിയോഗിച്ചതിന്ശേഷം മിച്ചം വന്ന തുകൾ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ കത്ത് നൽകിയിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം വാട്ടർ അതോറിറ്റി തുക തിരികെ നൽകിയില്ല എന്ന് വിശദീകരണം നൽകി. വിനയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ അടിയന്തിരമായിതിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം നടപ്പായില്ല

2018 ഓഗസ്റ്റ് മാസമുണ്ടായ പ്രളയാനന്തരം പഞ്ചായത്ത്ഓഫീസ് കെട്ടിടത്തിന് ഫിറ്റനസ് ഇല്ലായെന്ന തിരുവൻവണ്ടൂർ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.8.2018 ലെ കത്ത് നം ഇ 5-8537/2016 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.മാസം തോറും 15000 രൂപ വീതം വാടക ഇനത്തിലെ ചെലവ്. 18.1.2019 ലെ 9(1) നം. കമ്മറ്റിത്തീരുമാന പ്രകാരം അൺഫിറ്റായ കെട്ടിടത്തിൻറെ വാല്യുവേഷൻ എടുക്കുന്നതിന് എൽ എസ് ജി ഡി എ ഇ യെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 27.5.2019 തീയതിയിലെ സർവ്വെ റിപ്പോർട്ട് പ്രകാരം 284135 രൂപ എൽ എസ് ജി ഡി എ ഇ വാലുവേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ലേലം നടത്തി കെട്ടിടം പൊളിച്ച് നീക്കിയിട്ടുള്ളതുമാണ്(ഫയൽ നം.A2- 1501/19). പഴയ കെട്ടിടത്തിന്റെ വിലയായി ജി എസ് റ്റി ഉൾപ്പടെ 310450(രസീത് നം.11901010З885/9.03.2020) ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 16500000 രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 7.3.2019 ലെ കത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന് RGSA ഫണ്ടിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കെട്ടിടം പണിയുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഫണ്ട് മതിയാകുന്നില്ലെങ്കിൽ മറ്റ് ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണെന്നും കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/10.3.2021) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വളരെ ശുഷ്കമായതിനാൽ റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അധിക ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിരുന്നെങ്കിലും 3.12.2019 ലെ എ2-4986/2019 നമ്പർ കത്ത് പ്രകാരം ബഹു പഞ്ചായത്ത് ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ അധിക ധനസഹായം ലഭിച്ചിട്ടില്ല. 3.06.2019 ലെ ഗ്രാമവികസന കമ്മീഷണറുടെ 5983/ആർ ഐ 2/19/സി. ആർ ഡി നമ്പർ കത്ത് പ്രകാരം നബാർഡ് RIDF ട്രാഞ്ചെ XXVI പ്രകാരം 5 കോടിയിൽ കുറയാത്ത പ്രവർത്തികൾ ഉണ്ടെങ്കിൽ അറിയിക്കാവുന്നതാണ് എന്ന് അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ നബാർഡ് ഓഫീസിലേക്ക് കത്ത് നൽകിയിരുന്നു. എന്നാൽ വിശദമായ റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചാൽ മാത്രമേ പ്രൊപ്പോസൽ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് നബാർഡിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ലഭിച്ച ഡി പി ആർ മറ്റ് രേഖകൾ സഹിതം 21.12.2020 ൽ ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

2020-21 ൽ 20 ലക്ഷം രൂപ ആർ ജി എസ് അ ഫണ്ടും 13000000 രൂപ നബാർഡ് ധനസഹായവും 1420000 രൂപ വികസനഫണ്ടും വകയിരുത്തി പ്രോജക്റ്റിന് അംഗീകാരം നേടിയിരുന്നെങ്കിലും ഫണ്ട് ലഭിക്കാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല."

ഫണ്ട് സമയബന്ധിതമായ ലഭിക്കാതിരുന്നതിനാലാണ് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കാതിരുന്നത് എന്ന് മറുപടിയിൽ നിന്ന് വ്യക്തമാകുന്നു.കെട്ടിടം നിർമ്മിക്കുന്നതിന് പര്യാപ്തമായ ഫണ്ടുകൾ ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പച്ചക്കറി കൃഷി വികസനം -സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

കൃഷി ഓഫീസർ നടപ്പാക്കിയ പച്ചക്കറി കൃഷി വികസനം പ്രോജക്റ്റ് (നം.S0021/20) പ്രകാരം 100 വനിതകൾക്ക് പച്ചക്കറിവിത്ത് 100% സബ്സിഡി നിരക്കിലും ജൈവവളം 75% സബ്സിഡി നിരക്കിലും നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൻ പ്രകാരം കെയ്കോയിൽ നിന്ന് 100 വിത്ത് പായ്ക്കറ്റുകൾ , ജൈവവളം 4000 കിഗ്രാം, കീടനാശിനി (ബഗ് ഓഫ്-100ml) 100 എണ്ണം എന്നിവയുടെ വില സ്ഥാപനത്തിന്റെ ബിൽ പ്രകാരം 68000 രൂപയാണ് ( ബിൽ.നം11/17-03-2020) . ഇതിനായി സബ്സിഡി ഇനത്തിൽ 51750 രൂപയും ഗുണഭോക്തൃവിഹതമിനത്തിൽ 16250 രൂപയും ചെലവഴിച്ചിരുന്നു( ചെക്ക് നം.6089/13-03-2020)

14.02.2018 തീയതിയിലെ സ.ഉ(കൈ) നം. 22/18തസ്വഭവ പ്രകാരം ഖ 6.1 പ്രകാരം ജൈവവളം, കീടനാശിനി എന്നിവയ്ക്കുള്ള സബ്സിഡി ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. ഇതനുസരിച്ച് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 1.05 .2019 ലെ റ്റി സി (3) 4878/17 നം. ഉത്തരവ് പ്രകാരം വിവിധ ഇനങ്ങളിലുള്ള ജൈവവളങ്ങൾ എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട് കെയ്കോ ഹാജരാക്കിയ ബില്ലിൽ ജൈവവളങ്ങളുടെ ഇനം വ്യക്തമാക്കിയിട്ടില്ല. അതിനാൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് അനുസരിച്ചാണോ ജൈവവളങ്ങളുടെ സബ്സിഡി നിർണ്ണയിച്ചത് എന്ന് വ്യക്തമല്ല. കൂടാതെ കെയ്കോ ഹാജരാക്കിയ ബില്ലിൽ വിത്ത് പായ്ക്കറ്റുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ പായ്ക്കറ്റിലും അടങ്ങിയ വിത്തിന്റെ ഇനം, അളവ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം(നം.6/9.3.2021) നൽകിയിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥന് മറുപടി ലഭ്യമാക്കാതിരുന്നതിനാൽ 68000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജ്ജൻ
പ്രോജക്ട് നമ്പർ:S0065/20
ചെലവഴിച്ച തുക: 50000 രൂപ (ബിൽ നം.12/31.3.2020 )
ഫണ്ട്: മെയിന്റനൻസ് ഗ്രാന്റ്

മൃഗാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിയ്ക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങിയിരുന്നു. വാങ്ങലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബിൽ പ്രകാരമുള്ള നിരക്ക് | എണ്ണം | തുക | ജി എസ് റ്റി | ആകെ തുക |
|---|---|---|---|---|---|---|
| 1 | ഹാഫ് ഡോർ 97cm വിഡ്ത്ത് | 2100 | 2 | 4200 | 756 | 4956 |
| 2 | മെഡിസിൻഡിസ്പൻസിബിൾ ടേബിൾ 180x75cm | 8500 | 1 | 8500 | 1530 | 10030 |
| 3 | ടെലഫോൺ സ്റ്റാന്റ് | 2500 | 1 | 2500 | 450 | 2950 |
| 4 | എക്സാമിനേഷൻ ടേബിൾ198cmLx56cmWx76CM H L6MMCR Sheet | 5137 | 1 | 5137 | 925 | 6062 |
| 5 | എക്സിക്യൂട്ടീവ് മൾട്ടി പർപ്പസ് ടേബിൾ 137*75*75cm | 8971 | 1 | 8971 | 1614 | 10585 |
| 6 | സ്റ്റീൽ കാബിനറ്റ് വിത്ത് 4ഫിക്സഡ് ഷെൽവ്സ്78*36*19(20g) | 10190 | 1 | 10190 | 1834 | 12024 |
| 7 | വെർട്ടിക്കൽ ബ്ലൈൻസ് | 1300 | 2 | 2600 | 494 | 3094 |

13.05.2019 തീയതിയിലെ നം. ജി ഓ (ആർ റ്റി)നം. 20/2019/SPD ഉത്തരവ് പ്രകാരം ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ പ്രൈസ് ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ആഞ്ഞിലി, തേക്ക്, ഹാർഡ് വുഡ് എന്നീ തടികളിൽ നിർമ്മിച്ച ഉപകരണങ്ങൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നത്. എന്നാൽ തടി ഉപകരണങ്ങൾക്ക് പുറമെ സ്റ്റീൽ ഫർണ്ണിച്ചറുകളും ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളിൽ ക്രമ നം. 1,2,3,പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്നവയല്ല. ക്രമ നം.4,6,7 എന്നിവ പ്രകാരമുള്ള ഉപകരണങ്ങൾ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അവ തടി കൊണ്ട് നിർമ്മിച്ചവയല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയിതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നലകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/14.3.2021) വാങ്ങൽ നടത്തിയതിൽ പിശക് സംഭവിച്ചു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം പദ്ധതി നടപ്പാക്കണമെന്നിരിക്കെ ആയത് പാലിക്കാതെ വാങ്ങൽ നടത്തിയത് ക്രമവിരുദ്ധ നടപടിയാണ്. പദ്ധതി നടത്തിപ്പിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-19 തൊഴിലുറപ്പ് പദ്ധതി - അവലോകനം

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 58 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ<br>തൻവർഷം<br>ആകെ | <br>ഇല്ല.<br>51<br>51 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | 50(സ്പിൽ ഓവർ പദ്ധതികൾ ഇല്ല) |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 1 |
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 160 |
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 19-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 2521 |
| 100തൊഴൽദിനങ്ങൾ പൂർത്തീകരിച്ച | 7 |

| | |
|---|---|
| കുടുംബങ്ങളുടെ എണ്ണം | |
| തൻവർഷത്തെ ആകെ ചെലവ് | |
| തൊഴിലാളികളുടെ കൂലി | 70.95 |
| Material | 12.38 |
| അഡ്മിനിട്രേറ്റീവ് ചെലവ് | 7.56 |
| ആകെ | 90.38 |

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ഇൻഷ്വറൻസ് രേഖകൾ ഹാജാരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്റിനറി സർജ്ജൻ
പ്രോജക്ട് നമ്പർ:S0063/20
ചെലവഴിച്ച തുക: 175000 രൂപ
ഫണ്ട്: വികസനഫണ്ട്(ജനറ ൽ)

വെറ്റിനറി സർജ്ജൻ നടപ്പാക്കിയ കറവപ്പശുക്കളെ വാങ്ങൽ പ്രോജക്ട് (പ്രോജക്ട് നം.S063/2020) പ്രകാരം 7 ഗുണഭോക്താക്കൾക്ക് ഓരോ കറവപ്പശുവിനെ വീതം വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 25000 രൂപയും ഗുണഭോക്തൃ വിഹിതം 25000രൂപയും ഉൾപ്പടെ ആകെ 50000 രൂപ വീതം ഒരു പശുവിനായി ചെലവഴിച്ചത്. ഇപ്രകാരം 7 ഉരുക്കൾക്കായി 175000 രൂപ (75000/-(ബിൽ നം.6/21.1.2020,100000-ബിൽ നം.21.1.2020) സബ്സിഡി ഇനത്തിലും 175000 രൂപ(Cheque No.6005/18.1.2020) ഗുണഭോക്തൃ വിഹിതമിനത്തിലും ചെലവഴിച്ചു . എന്നാൽ വാങ്ങിയ പശുക്കളെ ഇൻഷ്വർ ചെയ്യതിന്റെ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/14.3.2021) പശുക്കളെ ഇൻഷ്വർ ചെയതിട്ടില്ലായെന്നും ഇത് പദ്ധതി നടത്തിപ്പിലുണ്ടായ പിശകാണ് എന്നും മറുപടി നൽകി. പശുക്കളെ ഇൻഷ്വർ ചെയ്യാതെ വിതരണം ചെയതത് ക്രമവിരുദ്ധമായ നടപടിയാണ്. ഇക്കാരണത്താൽ ചെലവ് തുക 350000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 നെൽകൃഷി വികസനം- നെൽവിത്തുകളുടെ വിതരണ രേഖകൾ കൃത്യമല്ല

നെൽകൃഷി വികസനം പ്രോജക്ടിൽ (പ്രോജക്ട് നം. 36/2020 ) ഉൾപ്പെടുത്തി വിവിധ പാടശേഖര സമിതികളിൽ ഉൾപ്പെട്ട കർഷകർക്ക് പാടശേഖരം ഒരുക്കുന്നതിനുള്ള കൂലിച്ചെലവ് , കെ എസ് എസ് ഡി എ യിൽ നിന്ന് നെൽവിത്ത് വാങ്ങിയതിന്റെ വില എന്നിവയ്ക്കായി ആകെ 1439645 രൂപ (വികസന ഫണ്ട്-794645, ബ്ലോക്ക് പഞ്ചായത്ത്-285000, ജില്ലാപഞ്ചായത്ത്-360000) ചെലവഴിച്ചു. ഈ തുകയിൽ 467184 രൂപ നെൽവിത്ത് വാങ്ങുന്നതിനായാണ് ചെലവഴിച്ചത്. വാങ്ങലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ നെൽവിത്തിന്റെ അളവ് | നിരക്ക് | ആകെ വില | കാഷ്ബിൽ നം/ തീയതി | ബിൽ നം/തീയതി | തുക |
|---|---|---|---|---|---|
| 10020 കി. | 42 | 420840 | 1000/19-20/12.10.2019 | 7/17.3.2020 | 78992 |
| | | | | 2/23.1.2020 | 308272 |
| 3360 | 42 | 141120 | 1007/2019-20 | 10/17.03.2020 | 79920 |

നെൽവിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ കർഷകർക്ക് പൂർണ്ണമായി വിതരണം ചെയ്യതതായി രേഖപ്പെടുത്തിയിട്ടില്ല. നെൽവിത്തിന്റെ ആകെ വില 561960രൂപയാണ്. എന്നാൽ സബ്സിഡിയായി 467184 രൂപ മാത്രമാണ് ചെലവഴിച്ചിരുന്നത്. അവശേഷിക്കുന്ന 94776 രൂപ കണ്ടെത്തിയതെങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/15.3.2021) മറുപടി ലഭ്യമാക്കിയില്ല. വിതരണരേഖകൾ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-22 സംയുക്തപദ്ധതിയ്ക്കായി ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു

സ.ഉ.(പി) . നം.07/2017/ഫിൻ തീയതി 23-01-2017 പ്രകാരം സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലാത്ത ജോയിന്റ് വെൻചർ പദ്ധതികൾക്കായുള്ള തുകകൾ ഫെബ്രുവരി 28 നകം അതത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണെന്നും മാർച്ച് 31 നകം ചെലവഴിക്കാതെ ഈ ഇനത്തിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്കും തിരിച്ചടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ട് പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം 2019-20 സാമ്പത്തിക വർഷം,അഗതിരഹിത കേരളം സംയുക്തപദ്ധതിയ്ക്കായി 23-09-2019 ൽ ബ്ലോക്ക്

ഷെയറായി 75,000/- രൂപ ലഭിച്ചിട്ടുള്ളതായും സി.ഡി.എസ്-ന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതായും കാണുന്നു. എന്നാൽ ഇതിൽ 25,000/- രൂപ മാത്രമേ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളൂ. 50,000/- രൂപ സി.ഡി.എസ്-ന്റെ അക്കൌണ്ടിൽ ശേഷിക്കുന്നു.

മാത്രമല്ല, സപ്ളിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം സംയുക്തപദ്ധതിയ്ക്കായി 23-09-2019 ൽ 1,00,000/-രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. നാളിതുവരെ ടി തുക ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അക്കൌണ്ടിലേക്ക് മാറ്റാതെ പഞ്ചായത്തിന്റെ സംയുക്ത പദ്ധതിയാക്കായുള്ള അക്കൌണ്ടിൽ ശേഷിക്കുന്നു.മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, 2019-20 സാമ്പത്തിക വർഷം അഗതി രഹിതകേരളം പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതമായി ലഭിച്ച തിൽ അവശേഷിക്കുന്ന 50000 രൂപ ഭവാനി കുറ്റിക്കണ്ടത്തിൽ, രാജമ്മ എം ഡി ,വഞ്ചിപ്പുഴേത്ത് എന്നീ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ബിൽ തയാറാക്കിയിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പ്രോജക്റ്റ് പ്രകാരം 100000 രൂപ ലഭിച്ചെങ്കിലും തുക പ്രകാരം ആവശ്യപ്പെടാതിരുന്നതിനാൽ ഓഡിറ്റ് വർഷം തുക നൽകിയില്ല എന്നും പിന്നീട് സ്പിൽ ഓവറായും പദ്ധതി നടപ്പാക്കാതിരുന്നതിനാൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൻ പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന അനുപൂരക പോഷകാഹാര വിഹിതം പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 അഗതി ആശ്രയ പദ്ധതി

അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസ് ന്റെ അക്കൌണ്ടിലേക്ക് 2019-20 വർഷം ജില്ലാപഞ്ചായത്തിന്റെ വിഹിതമായ 4,00000 രൂപയിൽ 3,00,000/- രൂപ അഗതി രഹിത കേരളം പദ്ധതിയുടെ 1 ഗുണഭോക്താവിന് വീട് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. കോവിഡ് കാലമായതിനാൽ ബാലൻസ് 1,00000 രൂപ2020 ജൂൺ മാസമാണ് വിനിയോഗിച്ചത് ചലഞ്ച്ഫണ്ടുൾപ്പടെ 31-03-2020 ൽ സി.ഡി.എസ്.അക്കൌണ്ടിൽ 1981327/-രൂപ ശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 1504928 |
| പലിശ | 80249 |
| ജില്ലാ പഞ്ചായത്ത് ഫണ്ട്(2013-14 ഭവനിർമ്മാണം) | 250000 |
| ജില്ലാ പഞ്ചായത്ത് ഫണ്ട്(2019-20 ഭവനിർമ്മാണം) | 1,00,000 |
| കമ്പ്യൂട്ടർ ഫണ്ട് ബാലൻസ് | 46150 |
| ആകെ | 1981327 |

ചലഞ്ച് ഫണ്ട് ഉപയോഗിച്ച് 59 കുടുംബങ്ങലിലെ ഗുണഭോക്താക്കൾക്കായി ഭക്ഷ്യ ധാന്യം വിതരണം നടത്തിയതിന് 259977 രൂപ ചെലവഴിച്ചിട്ടുണ്ട്. അർഹരായ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുകയും അഗതി ഗുണഭോക്താക്കളിൽ ഭവനരഹിതരായിട്ടുള്ളവർക്ക് ലൈഫ് ഭവനപദ്ധതിയിൽ സി.ഡി.എസ്സ്. വഴി അപേക്ഷ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഉപസമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിയിൽ വെച്ച് പദ്ധതി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

## 1-24 പത്താംതരം, പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷ- രേഖകൾലഭ്യമാക്കിയില്ല

ഹെഡ്മിസ്ട്രസ്സ് ഗവ: എൽ.പി.എസ് തിരുവൻവണ്ടൂർ നിർവ്വഹണം നടത്തിയ പത്താംതരം , പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

പത്താം തരം തുല്ല്യതാപരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, എക്സാം ഫീസ് എന്നീ ഇനങ്ങളിലായി ആകെ 5550 /-(ബിൽ നമ്പർ- 002/2019-20, തീ.9.01.2020) രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷ പദ്ധതിയിലും ഇതേ ന്യൂനത നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ഫീ, കോഴ്സ്ഫീ, എക്സാംഫീ എന്നീ ഇനങ്ങളിലായി പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷാർത്ഥികൾക്ക് ആകെ 35000/- രൂപാ (ബിൽ നമ്പർ- 003/2019-20, തീ. 9.01.2020) വികസന നിന്നും പിൻവലിച്ച് ജില്ലാ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. മേൽസൂചിപ്പിച്ച തുല്യതാ പരീക്ഷകൾക്കായി സാക്ഷരതാ മിഷന് നൽകിയ ഫീസിന്റെ രസീതുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതോടൊപ്പം കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 7, തീയതി 09/03/2021) നല്കിയ മറുപടിയിൽ, ഈ വിഷയം ഉന്നയിച്ച് സാക്ഷരതാ മിഷനു കത്ത് നൽകിയിട്ടുണ്ടെന്നും, പണം കൈപ്പറ്റിയ രസീതു ജില്ലാ സാക്ഷരതാമിഷൻ നൽകിയിട്ടില്ല എന്നും രസീത് ലഭികുന്ന മുറക്ക് ഓഡിറ്റിൽ ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

കോവിഡ് കാലമായതിനാൽ പത്താംതരം, പന്ത്രണ്ടാം തരം തുല്ല്യതാ പരീക്ഷകളുടെ തീയതി നീട്ടിവെച്ചതിനാൽ ആണ് കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാത്തതെന്നും, സർട്ടിഫിക്കറ്റ് ലഭികുന്ന മുറക്ക് ഓഡിറ്റിൽ ലഭ്യമാക്കാമെന്നും

അറിയിച്ചിട്ടുണ്ട്.രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 40550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിൻറെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | വാർഷിക ഓഡിറ്റിനൊപ്പം | കെ.എസ്.എ./എ.എൽ.പി/പി6-349/21 തീയതി 31-03-2021 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ടു വിവരം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് | 285000<br>360000 | 2019-20 | നെൽകൃഷി വികസനം (SO 36 / 20 ) | 285000<br>360000 | 0<br>0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 2019-20 | ലൈഫ് പദ്ധതി (S0- 40 / 20) | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 2019-20 | ലൈഫ് പദ്ധതി (SO 50 / 20) | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 176000 | 2019-20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി SCP (SO 98 /20 ) | 113000 | 63000 |
| ജില്ലാ പഞ്ചായത്ത് | 32813 | 2019-20 | ലൈഫ് പദ്ധതി ( ജനറൽ ) (SO 104 /20 ) | 0 | 328135 |
| ബ്ലോക്ക് പഞ്ചായത്ത് | 17726 | 2019-20 | ലൈഫ് പദ്ധതി ( SCP) | 17726 | 0 |
| ജില്ലാ പഞ്ചായത്ത് | 196294 | 2019-20 | ലൈഫ് പദ്ധതി ( SCP) | 62274 | 129020 |
| ജില്ലാ പഞ്ചായത്ത് | 500000 | 2019-20 | അങ്കണവാടി പൂരക പോഷകാഹാരം ( SO 44 /20 ) | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 75000<br>350000 | 2019-20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ( | 0<br>238800 | 75000<br>111200 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | | 45/20 ) | | |
| ജില്ലാ പഞ്ചായത്ത് | 500000 | 2019-20 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (S054 /20 ) | 499958 | 42 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 399720 | 399720 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 999958 | 999958 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**ഇല്ല**

## 4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പായിനത്തിൽ 5,00,000/ രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. വായ്പയെടുത്ത5,00,000 രൂപയിൽ 5,00,000 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകകളുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | | 500000 | 500000 | 220490 | 0 | 279510 |

## 4-6 സ്ഥിരനിക്ഷേപം-

**ഇല്ല.**

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 | 2-1 | 2691 | പ്രതാപൻ പിള്ള | 119010101437 |
| 2011-12 | 2-3 | 2200 | ടെസ്സീല | 119010101607 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തുകയൊന്നും വരവില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47925416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36065746 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 458550 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 68000 | ശ്രീ രാജേന്ദ്രപ്രസാദ്,കൃഷി ഓഫീസർ |
| 1-20 | 350000 | ശ്രീ.തോമസ് ചെറിയാൻ,വെറ്റിനറി സർജ്ജൻ |
| 1-24 | 40550 | ശ്രീമതി വിനോദിനി. ഹെഡ് മിസ്ട്രസ്സ് ജി.എൽ.പി.എസ്. തിരുവൻവണ്ടൂർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജേന്ദ്രപ്രസാദ്,കൃഷി ഓഫീസർ | അസിസ്റ്റന്റ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ച്ർ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | സന്തോഷ് നിലയം, മറ്റംനോർത്ത്, തട്ടാരമ്പലം പി ഓ, മാവേലിക്കര |
| ശ്രീ.തോമസ് ചെറിയാൻ,വെറ്റിനറി സർജൻ | വെറ്റിനറി സർജ്ജൻ, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | മണലിൽവീട്, മുണ്ടൻകാവ് പി ഓ, ചെങ്ങന്നൂർ |
| ശ്രീമതി വിനോദിനി ഹെഡ്മിസ്ട്രസ്സ്, | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. തിരുവൻവണ്ടൂർ | ഹരിശ്രീ പാലിയേക്കര, തിരുവല്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321/01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320/01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738/10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23/12/06.08.12/04.10.12 |
| 2011/12 | എൽ.എഫ്.എ.പി7/1002/14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347/15/03.0615/04.08.15 |
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി 7-832/2016/29.07.16/03.08.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി 14/44/2017 തീ.30.01.2017 |
| 2016-17 | കെ.എസ്.എ./എ.എൽ.പി/പി 14/1241/2017 തീ.3.11.2017 |
| 2017-18 | കെ.എസ്.എ./എ.എൽ.പി/പി 14/1468/2018 തീ.01.09.2018 |
| 2018-19 | കെ.എസ്.എ./എ.എൽ.പി/പി 14/1468/2018 തീ.01.09.2018 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്